**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. എ. മോഹനദാസൻ, എൽ.ഡി. ടൈപ്പിസ്റ്റ്, കുറ്റിപ്പുറം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് - പാലക്കാട് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടറിയൽ സ്റ്റാഫായി അന്യത്ര സേവനം അനുവദിച്ച് നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം. 1458/2014/തസ്വഭവ. തിരുവനന്തപുരം, തീയതി 09/06/2014.

പരാമർശം:1. 19.12.13 ലെ സ.ഉ(സാധാ) നം. 3115/13/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
2. ഗ്രാമ വികസന കമ്മീഷണറുടെ 24.4.14 ലെ 16197/എസ്റ്റാ.ഡി4/13/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കുറ്റിപ്പുറം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ എൽ.ഡി. ടൈപ്പിസ്റ്റായ ശ്രീ. എ. മോഹനദാസനെ പാലക്കാട് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടറിയൽ സ്റ്റാഫ് ആയി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. ശാരീരിക അസ്വസ്ഥതമൂലം കൂടുതൽ ദൂരം യാത്ര ചെയ്യാൻ കഴിയാത്തതിനാൽ ടി. ഉത്തരവ് റദ്ദ ചെയ്യണമെന്ന് ശ്രീ. മോഹനദാസൻ അപേക്ഷിക്കുകയും പരാമർശം രണ്ടിലെ കത്തിലൂടെ ഗ്രാമ വികസന കമ്മീഷണർ ടി അപേക്ഷ സർക്കാരിന്റെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റിപ്പുറം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ എൽ.ഡി. ടൈപ്പിസ്റ്റായ ശ്രീ. എ. മോഹനദാസനെ പാലക്കാട് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി,
ഗവ. അണ്ടർ സെക്രട്ടറി.

ശ്രീ. എ. മോഹനദാസൻ, എൽ.ഡി. ടൈപ്പിസ്റ്റ്, കുറ്റിപ്പുറം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, മലപ്പുറം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ജില്ലാ മിഷൻ കോ ഓഡിനേറ്റർ, കുടുംബശ്രീ, പാലക്കാട്.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(മറുപുറം)

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, കുറ്റിപ്പുറം, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ